**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**20.08.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15–ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2014–15 വാർഷിക പദ്ധതിയിൽ 1208 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 200457 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായി. ഇവയുടെ ആകെ അടങ്കൽ 10622 കോടി രൂപയാണ്. ഇവയിൽ 193078 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതികൾ അംഗീകാരം നൽകി അവയുടെ ആകെ അടങ്കൽ 9805 കോടി രൂപയാണ്. പത്തനംതിട്ട, ഇടുക്കി, തൃശൂർ, വയനാട്, കണ്ണൂർ എന്നിവ ഒഴികെയുള്ള ജില്ലാ പഞ്ചായത്തുകളുടെയും, ശ്രീകൃഷ്ണപുരം ദേവികുളം എന്നിവ ഒഴികെയുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെയും, പാലക്കാട് ജില്ലയിലെ 6 ഗ്രാമപഞ്ചായത്തുകളും വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തും ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകളുടെയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതികളുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കുന്നംകുളം, കായംകുളം എന്നിവ ഒഴികെയുള്ള മുനിസിപ്പാലിറ്റികളുടെയും, തിരുവനന്തപുരം ഒഴികെയുള്ള കോർപ്പറേഷനുകളുടെയും പദ്ധതികൾക്കും അംഗീകാരം ലഭിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ–ടെണ്ടർ നടത്തുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട സംവിധാനം തൽക്കാലം തുടരുവാൻ നിശ്ചയിച്ചു. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന സംവിധാനത്തെക്കുറിച്ച് പിന്നീട് പരിഗണിക്കാവുന്നതാണെന്ന് തീരുമാനിച്ചു. ബന്ധപ്പെട്ട എഞ്ചിനീയർമാർക്കെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് യോഗം നിർദ്ദേശം നൽകി. എൻ.ഐ.സി. പിൻവാങ്ങിയ സാഹചര്യത്തിൽ സ്വകാര്യ ഏജൻസികൾ മുഖേനയും ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാക്കാവുന്നതാണെന്നും ഇത് ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

**2.3** 2014 ജൂലൈ 31 നകം പദ്ധതികൾക്ക് അംഗീകാരം നേടാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി കാലതാമസത്തിനുള്ള കാരണം റിപ്പോർട്ട് ചെയ്യാൻ 13.08.2014 കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.2 പ്രകാരം നിർദ്ദേശിച്ചിരുന്നു. അതു സംബന്ധിച്ച് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തിയപ്പോൾ 22 ഗ്രാമപഞ്ചായത്തുകളാണ് യഥാസമയം പദ്ധതിക്ക് അംഗീകാരം നേടാതിരുന്നതെന്നും, അവയിൽ 3 ഗ്രാമപഞ്ചായത്തുകളിൽ ഉപതെരഞ്ഞെടുപ്പു നിമിത്തമാണ് കാലതാമസം കാലതാമസം ഉണ്ടായതെന്നും അറിയിച്ചു. പദ്ധതി സംബന്ധിച്ച് ഭരണസമിതിയിലെ തർക്കങ്ങളും മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിലുണ്ടായ കാലതാമസവുമാണ് മറ്റു ഗ്രാമപഞ്ചായത്തുകളിൽ കാലതാമസമുണ്ടാകാൻ കാരണം. ഭരണസമിതികളിൽ പദ്ധതി സംബന്ധിച്ചുണ്ടായ തർക്കങ്ങളാണ് രണ്ട്

മുനിസിപ്പാലിറ്റികളിൽ പദ്ധതി അംഗീകാരം വൈകിയതിനു കാരണം. ഒരു മുനിസിപ്പാലിറ്റിയിൽ ഓപ്പണിംഗ് ബാലൻസ് സംബന്ധിച്ച കണക്കുകൾ ക്രമവൽക്കരിക്കാതിരുന്നതാണ് കാലതാമസം വന്നതിന് കാരണം എന്ന് മുനിസിപ്പൽ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

**2.4** ഗ്രാമ–ബ്ലോക്ക്– ജില്ലാ പഞ്ചായത്തുകൾ ഐ.എ.വൈ. പദ്ധതിക്ക് നിർബന്ധമായും തുക വകയിരുത്തേണ്ടതാണെന്നും അപ്രകാരം തുക വച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ മറ്റു പ്രോജക്ടുകളിൽ ഭേദഗതി വരുത്തി അടിയന്തിരമായി പുനഃക്രമീകരണം നടത്തേണ്ടതാണെന്നും തീരുമാനിച്ചു.

**2.5** ജില്ലാ പഞ്ചായത്തുകളുടെ ഐ.എ.വൈ വകയിരുത്തലുകളുടെ കണക്കുകൾ ഗ്രാമവികസന കമ്മീഷണറിൽ നിന്നും അടിയന്തിരമായി ലഭ്യമാക്കിയശേഷം ജില്ലാ പഞ്ചായത്തുകളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ യോഗം ആസൂത്രണബോർഡ് മെമ്പർ ശ്രീ.സി.പി. ജോണിനെയും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതലപ്പെടുത്തി.

**2.6** തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ “മെമ്പർമാരുടെ വികസനഫണ്ട്” ഉപയോഗിച്ച് നടപ്പിലാക്കുന്നതാണെന്നുള്ളതായി എഴുതി പ്രദർശിപ്പിക്കുന്ന പ്രവണത കണ്ടുവരുന്നതായി യോഗം നിരീക്ഷിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മെമ്പർമാർക്ക് വികസനഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട വിഷയങ്ങൾ തെറ്റിദ്ധാരണാജനകമായി ബോർഡ് എഴുതി പ്രദർശിപ്പിക്കുന്നത് ഒഴിവാക്കണമെന്നും പ്രദർശിപ്പിച്ചിട്ടുള്ള ബോർഡുകൾ ഉടനടി നീക്കം ചെയ്യണമെന്ന് നിർദ്ദേശം നൽകണമെന്നും തീരുമാനിച്ചു.

**2.7** തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ മേലിൽ കോഓർഡിനേഷൻ കമ്മിറ്റിയിൽ വയ്ക്കേണ്ടതില്ലെന്നും ഭരണവകുപ്പുതലത്തിൽ നടപടി എടുത്താൽ മതിയെന്നും യോഗം നിർദ്ദേശിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ചവറ ബ്ലോക്ക് പഞ്ചായത്ത്

2006–07 മുതൽ 2011–12 വരെയുള്ള കാലയളവിൽ കരുണ സ്ക്കൂളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് , പഠനോപകരണം മുതലായവ നൽകിയതിലെ ഓഡിറ്റ് തടസ്സവും, നിരാകരണവും സംബന്ധിച്ച് ഭരണവകുപ്പു തലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു. പൊതു വിഷയം ഇനം 2.7 തീരുമാനം ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3. 2 കോട്ടയം ജില്ലാ പഞ്ചായത്ത്

ഐ.എ.വൈ പദ്ധതികൾക്ക് തുക കുറവു വരുത്തിയത് അംഗീകരിക്കണമെന്ന കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ആവശ്യം നിരാകരിച്ചു തീരുമാനിച്ചു. ഇതുവരെയുള്ള ഐ.എ.വൈ വകയിരുത്തലുകളിൽ കുറവു വന്ന തുക ഭേദഗതി ചെയ്ത് നടപ്പുവർഷത്തെ പ്രോജക്ടുകളിൽ ഭേദഗതി ചെയ്ത് പരിഹരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3. 3 സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പരിശീലന പരിപാടികൾ നടപ്പാക്കുന്ന അംഗീകൃത ഏജൻസിയായി സെന്റർ ഫോർ മാനേജ്മെന്റ്

ഡെവലപ്മെന്റ് അംഗീകരിക്കണമെന്നും ആവശ്യത്തിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കൃഷിയും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ കത്ത് (ഫയൽ നം.58678/എഫ്.എം.2/14/തസ്വഭവ)**

കർഷകദിനാചരണം, അവാർഡ്ദാനം, മേളകൾ എന്നിവയുടെ നടത്തിപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത്ഫണ്ടിൽ നിന്നും സംഭാവന നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 എറിയാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 47297/ഡി.എ2/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ എസ്.സി. വിഭാഗം ആളുകൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിലെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കണമെന്ന കോസ്റ്റ് ഫോർഡ് ആവശ്യപ്പെട്ടിരിക്കുന്നതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ സ്ക്കൂളുകളിലെ കുട്ടികൾക്ക് പരിശീലനം നൽകുന്ന പരിപാടിയെ സംബന്ധിച്ച് ആരൊക്കെയാണ് പരിശീലനം നൽകുന്നത്, എന്തു തുകയാണ് ഓരോന്നിനും ചെലവാകുന്നത് തുടങ്ങിയ വിശദ വിവരങ്ങൾ ലഭ്യമായശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗനവാടികൾക്ക് ഐ.സി.ഡി.എസ്. മുഖേന ഊഞ്ഞാൽ, മെറിഗോറൗണ്ട് തുടങ്ങിയവ നൽകുന്ന പ്രോജക്ട് അംഗീകരിക്കണമെന്ന ആവശ്യം അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം രാവിലെ 9.45-ന് അവസാനിച്ചു)**

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 27.08.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***